(ബി) വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാണ്. കാനറാ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളാണ് ഇപ്പോൾ ഈ പദ്ധതിയുമായി സഹകരിക്കുന്നത്. കൂടുതൽ ബാങ്കുകളെ സഹകരിപ്പിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. നാളിതുവരെ ഈ പദ്ധതി പ്രകാരം 1072 പേർക്ക് കാനറാ ബാങ്കും യൂണിയൻ ബാങ്കും മുഖേന വായ്പ ലഭ്യമായിട്ടുണ്ട്.

പ്രവാസി ക്ഷേമ പദ്ധതി

90 (1464) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങി വരാൻ നിർബന്ധിതരാവുന്ന മലയാളികൾക്കുവേണ്ടി കെ.എസ്. എഫ്. ഇ. യുമായി സഹകരിച്ച് നടപ്പാക്കുമെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രവാസി ക്ഷേമ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ നിക്ഷേപ നിധിയിൽ എത്ര പ്രവാസികൾ നിക്ഷേപം നടത്തി;

(സി) മടങ്ങി വന്ന എത്ര പ്രവാസികൾക്ക് ഈ നിക്ഷേപ നിധിയിൽ നിന്നും വായ്പ ലഭ്യമാക്കി എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഗവൺമെന്റ് ഗ്യാരണ്ടിയോടുകൂടി പൊതുജനങ്ങളിൽനിന്നും കെ.എസ്.എഫ്.ഇ. സ്വീകരിച്ചിട്ടുള്ള നിക്ഷേപം സർക്കാർ നിശ്ചയിച്ചിട്ടുള്ള പദ്ധതി നിക്ഷേപ പരിധിയേക്കാൾ വളരെ കൂടുതൽ ആകയാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ കെ.എസ്.എഫ്.ഇ.യുമായി സഹകരിച്ച് നടപ്പാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രവാസി ക്ഷേമപദ്ധതി നടപ്പാക്കുവാൻ കഴിഞ്ഞിരുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly